മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ഒക്ടോബർ 25

# വാർത്താക്കുറിപ്പ്

---

**പരീക്ഷാ കേന്ദ്രത്തിൽ മാറ്റം**

ഈ മാസം 26ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ സി.ബി.സി.എസ് ബി.എ, ബി.കോം(2021 അഡ്മിഷൻ- പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷകൾക്കായി തൊടുപുഴ ന്യൂമാന് കോളേജ് പരീക്ഷാ കേന്ദ്രമായി അപേക്ഷിക്കുകയും തൊടുപുഴ ശ്രീനാരായണ കോളേജ് ഓഫ് ആർട്സ് ആൻറ് സയൻസ് സബ് സെൻററായി അനുവദിക്കപ്പെടുകയും ചെയ്ത ബിഎ(ഹിസ്റ്ററി, ഇംഗ്ലീഷ്, മലയാളം) വിദ്യാർഥികള് മൂവാറ്റുപുഴ രണ്ടാർക്കര എച്ച്.എം. ആർട്സ് ആൻറ് സയൻസ് കോളേജില് പരീക്ഷയ്ക്ക് ഹാജരാകണം. മറ്റു വിദ്യാർഥികളുടെ പരീക്ഷാ കേന്ദ്രത്തില് മാറ്റമില്ല.
(പി.ആർ.ഒ./39/1520 /2022)

**പരീക്ഷാഫലം**

മൂന്ന്, നാല് സെമസ്റ്റർ എം.എ സംസ്കൃതം ജനറൽ പ്രൈവറ്റ് രജിസ്ട്രേഷന് (സെപ്റ്റംബർ 2021) , രണ്ടാം സെമസ്റ്റർ എം.എസ്.സി സ്റ്റാറ്റിസ്റ്റിക്സ്(2020 അഡ്മിഷന് റെഗുലറും 2020 അഡ്മിഷന് സപ്ലിമെൻററിക്ക് മുൻപുള്ളതും) പരീക്ഷകളുടെ ഫലം പ്രസിദ്ധീരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് നവംബര് ഏഴിനു മുൻപ് ഓൺലൈനില് അപേക്ഷ നൽകാം.
(പി.ആർ.ഒ./39/152 1/2022)

**പ്രാക്ടിക്കല്**

ഈ വർഷം മെയ് മുതല് ഓഗസ്റ്റ് വരെ നടന്ന ഒന്നു മുതല് എട്ടു വരെ സെമസ്റ്റര് ബി.ടെക് ഇലക്ട്രിക്കല് ആൻറ് ഇലക്ട്രോണിക്സ് എൻജിനീയറിംഗ്(ഓൾഡ് സ്കീം-1997 മുതല് 2009 വരെ അഡ്മിഷന് മേഴ്സി ചാൻസ്) പരീക്ഷകളുടെ പ്രാക്ടിക്കൽ പരീക്ഷകള് നവംബർ 11 മുതല് തൊടുപുഴ മുട്ടം യു.സി.ഇ കോളജിൽ നടക്കും. വിശദമായ ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.
(പി.ആർ.ഒ./39/15 22/2022)

**ഏകജാലകം രണ്ടാം അന്തിമ അലോട്ട്മെൻറ്;**
**ഓൺലൈന് രജിസ്ട്രേഷന് ആരംഭിച്ചു**

ബിരുദ കോഴ്സുകളിലും ഇൻറഗ്രേറ്റഡ് പ്രോഗ്രാമുകളിലും ഏകജാലക പ്രവേശനത്തിനുള്ള രണ്ടാം അന്തിമ അലോട്മെൻറിന് ഓൺലൈന് രജിസ്ട്രേഷന് ആരംഭിച്ചു. ഇന്ന്(ഒക്ടോബർ 26) വൈകുന്നേരം നാലു വരെ രജിസ്റ്റർ ചെയ്യാം. ഈ മാസം 31ന് പ്രവേശന നടപടികൾ പൂർത്തീകരിക്കും. (പി.ആർ.ഒ./39/15 23/2022)

പബ്ലിക് റിലേഷൻസ് ഓഫീസർ